# പന്തപ്ലാക്കൽ കുടുംബസംഗമം
## 1-ാം സമ്മേളന റിപ്പോർട്ട്

**Date: 14.10.2002**
**ജോസഫ് പി ടി (അപ്പച്ചൻ) പേരാവൂർ**

നമ്മുടെ കുടുംബകൂട്ടായ്മയുടെ രണ്ടാമത്തെ സമ്മേളനത്തിൽ നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നതിൽ എനിക്ക് അതിരറ്റ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്.

നീണ്ട നാളത്തെ പ്രവർത്തനങ്ങളുടെയും ചർച്ചകളുടെയും ഒരുക്കങ്ങളുടെയും ഫലമായി പന്തപ്ലാക്കൽ കുടുംബകൂട്ടായ്മയുടെ ഒന്നാമത്തെ സമ്മേളനം 14-10-2002 ന് പേരാവൂരിലുള്ള പന്തപ്ലാക്കൽ പി.റ്റി.ജോസഫിന്റെ ഭവനത്തിൽ ചേരുകയുണ്ടായി. നിർഭാഗ്യവശാൽ മുപ്പത്തിയേഴു വർഷങ്ങൾ കൂടിയുണ്ടാകുന്ന ഏറ്റവും വലിയ മഴയും വെള്ളപ്പൊക്കവും അന്നാണുണ്ടായത്. കുടുംബയോഗത്തിന് വീട്ടിൽ നിന്നും തിരിച്ച ധാരാളം പേർ വഴിയിൽ കുടുങ്ങിപ്പോയി. പ്രതികൂല കാലാവസ്ഥ കാരണം ഒന്നാമത്തെ കുടുംബയോഗത്തിന്റെ വിജയത്തിൽ സംഘാടകർ അങ്ങേയറ്റം ആശങ്കയിലായി. ഈ പ്രതിബന്ധങ്ങളെല്ലാം ഉണ്ടായെങ്കിലും നമ്മുടെ ഒന്നാമത്തെ കുടുംബയോഗം വളരെ നല്ലനിലയിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞത് ഈശ്വരന്റെ പ്രത്യേക അനുഗ്രഹംകൊണ്ടാണ്. മദ്ധ്യപ്രദേശ്-ബാംഗ്ലൂർ-കോട്ടയം തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ നിന്നുപോലും വളരെ ത്യാഗം സഹിച്ച് കുടുംബാഗങ്ങൾ എത്തിച്ചേർന്നു. സുമാർ 180 പേർ പ്രസ്തുത യോഗത്തിലുണ്ടായിരുന്നു. അവർ 65 കുടുംബങ്ങളുടെ പ്രതിനിധികളായിരുന്നു.

രാവിലെ 11 മണിക്ക് യോഗനടപടികൾ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. നമ്മുടെ കുടുംബയോഗത്തിന്റെ രക്ഷാധികാരി റവ.ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ മൈസൂരിന്റെ സമർത്ഥവും ആത്മാർത്ഥവുമായ നേതൃത്വവും നിർദ്ദേശങ്ങളും നിയന്ത്രണവും സമ്മേളനത്തിൽ ആദ്യാവസാനം ഉണ്ടായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്നും എത്തിച്ചേർന്ന കുടുംബാംഗങ്ങൾ വേദിയിലേക്ക് വന്ന് സ്വയം പരിചയപ്പെടുത്തി. അടുത്ത സ്വന്തക്കാരെങ്കിലും തമ്മിൽ ആദ്യമായി കണ്ടതും മനസ്സിലാക്കിയതുമായ ഈ രംഗം വികാരതരളിതമായിരുന്നു. നമ്മുടെ കുടുംബത്തിൽ ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും പ്രായമുള്ള ഓടംതോട്ടിലെ വർക്കി പേരപ്പന്റെയും, 88 വയസ്സുള്ള വിലങ്ങാട്ടെ കുട്ടിപാപ്പന്റെയും മരുതോങ്കരയിലെ റോസ-ഇളയമ്മായിയുടെയും സാന്നിദ്ധ്യം ഈ സമ്മേളനത്തെ അക്ഷരാർത്ഥത്തിൽ ധന്യമാക്കി.

കലാ-സാഹിത്യ-കായിക-സാമൂഹികരംഗങ്ങളിൽ ഉന്നതസ്ഥാനീയരായ ധാരാളം പേർ നമ്മുടെ കുടുംബത്തിൽ ഇന്നുണ്ടെന്നുള്ള തിരിച്ചറിവ് നമ്മുടെ കുടുംബബന്ധത്തെ കൂടുതൽ ദൃഢമാക്കി.

ഈ കൂട്ടായ്മയോടനുബന്ധിച്ച് സംഘടിപ്പിച്ച പൊതുയോഗം 12.30 ന് പേരാവൂർ ഫൊറോനപള്ളി വികാരി വെരി.റവ.ഫാദർ സെബാസ്റ്റ്യൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന രക്ഷാധികാരിയുടെ ആമുഖപ്രസംഗം ഈ സമ്മേളനത്തിന്റെ അർത്ഥവും പ്രാധാന്യവും എടുത്തുകാട്ടി. പിന്നീട് കുടുംബയോഗത്തിന്റെ

പ്രസിഡന്റും സമ്മേളനം നടത്തുന്ന വീടിന്റെ ഉടമസ്ഥനുമായ പി റ്റി ജോസഫ് എല്ലാവർക്കും ഹാർദ്ധവമായി സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ ഹ്രസ്വമായി സംസാരിച്ചു. അപ്രതീക്ഷിതമായി എത്തിച്ചേർന്ന അതിഥിയായി തൃശൂർ അമലാ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ കാൻസർ രോഗവിദഗ്തൻ ഡോ.സി.ഡി വർഗ്ഗീസിന്റെ ഭാഷണം എല്ലാവർക്കും ഇഷ്ടപ്പെട്ടു. പേരാവൂർ പള്ളി അസി.വികാരിയുടെ സാന്നി ദ്ധ്യവും യോഗത്തിന് മോടികൂട്ടി. കുടുംബയോഗത്തിന്റെ വൈസ് പ്രസിഡന്റ് ശ്രീ.ഔസേപ്പച്ചൻ മണക്കടവ് (ആലക്കോട്) എല്ലാവർക്കും ഹൃദ്യമായി നന്ദി പറഞ്ഞു. വോളിബോൾരംഗത്ത് ദേശീയതാരമായി വളർന്നുവന്ന നമ്മുടെ കുടുംബാംഗം ഓടൻതോടിലെ ജോർജ്ജിന്റെ മകൾ റെൻസി ജോർജ്ജിനെയും ദേശീയ സ്കൂൾ കായിക മേളയിൽ ഒന്നാം സ്ഥാനം നേടിയ ആഗ്നസ് മാത്യുവി നെയും വേദിയിൽ സ്വീകരിച്ച് ആദരിച്ച രംഗം ഒരു വലിയ അനുഭവമായി. ഇട യ്ക്കിടെ നടത്തിയ കാലാപരിപാടികൾ പരിപാടികളെ കൂടുതൽ രസകരമാക്കി. യോഗത്തിന് ശേഷം ലഭിച്ച വിഭവസമൃദ്ധമായ ഉച്ചഭക്ഷണം എല്ലാവർക്കും ഇഷ്ടപ്പെ ട്ടു.

ഉച്ചഭക്ഷണത്തിനു ശേഷം പൊതുചർച്ചയുടെ അവസരമായിരുന്നു. എല്ലാവരുടെയും പങ്കാളിത്തം ചർച്ച സജീവമാക്കി. കുടുംബയോഗം എല്ലാവർഷവും മുടങ്ങാതെ നടത്തണമെന്ന കാര്യത്തിൽ ഏകകണ്ഠമായി തീരുമാനം എടുത്തു. കുടുംബയോഗത്തിന്റെ ഭരണഘടന ഏതാനും തിരുത്തലുകളോടെ യോഗം അംഗീകരിച്ചു. ഈ യോഗത്തിന്റെ ചിലവ് എല്ലാവരും കൂടി വഹിക്കുവാൻ തീരുമാനിച്ചു. സ്ഥിര മെമ്പർഷിപ്പായി ഓരോ കുടുംബവും പ്രതിവർഷം 250 രൂപ വീതം കൊടുക്കണമെന്ന് തീരുമാനിച്ചു. കുടുംബയോഗത്തിന്റെ ഭാഗമായി യുവജന വിഭാഗവും രൂപീകരിക്കുവാൻ തീരുമാനിച്ചു. കുടുംബയോഗത്തിന്റെ അടുത്ത മൂന്നു വർഷത്തെ ഭാരവാഹികളായി താഴെപറയുന്നവരെ തെരഞ്ഞെടുത്തു.

| | |
|---|---|
| **രക്ഷാധികാരി** | - റവ.ഫാ. തോമസ്, പന്തപ്ലാക്കൽ, സി.എം.ഐ മൈസൂർ |
| **പ്രസിഡന്റ്** | - പി റ്റി ജോസഫ്, പന്തപ്ലാക്കൽ, പേരാവൂർ |
| **വൈസ്.പ്രസിഡന്റ്** | - ഔസേപ്പച്ചൻ - മണക്കടവ് -ആലക്കോട് |
| **സെക്രട്ടറി** | - ചെറിയാൻ മാസ്റ്റർ, നെടുംപുറം ചാൽ, പേരാവൂർ |
| **ട്രഷറർ** | - ബേബി തോമസ്, കുപ്പായക്കോട്, താമരശ്ശേരി |

**കമ്മറ്റി അംഗങ്ങൾ**

1. ജോണി, ചവറംമൂഴി, കുറ്റ്യാടി
2. ജോണി മാത്യു, നീറ്റിക്കോട്ട്, കുറ്റ്യാടി
3. തൊമ്മച്ചൻ, തോട്ടുമുഖം, അരീക്കോട്
4. ഏലിക്കുട്ടി, ഓടൻതോട്
5. ജോസ്, മണത്തണ
6. ആൻസി സെബാസ്റ്റ്യൻ, പോത്തുകുഴി, തോലമ്പ്ര
7. അപ്പച്ചൻ, തോപ്പിൽ, അയർക്കുന്നം
8. മത്തായി, കിഴക്കമ്പലം, ആലുവ

**യുവജനവിഭാഗം**

**സെക്രട്ടറി** - തോമസ് പി ജെ, തൊണ്ടിയിൽ
**പ്രസിഡന്റ്** - മനോജ് ബേബി, കുപ്പായക്കോട്

ഒരു ദിവസത്തെ നീണ്ടുനിന്ന തിരക്കിട്ട പരിപാടികൾക്കുശേഷം പുതിയ സെക്രട്ടറിയുടെ നന്ദി പ്രകടനത്തോടെ സമ്മേളനം പര്യവസാനിച്ചു.

പുതിയ എക്സിക്യൂട്ടീവ് കമ്മററിയുടെ പ്രഥമയോഗം 12.01.2003 ന് ഓടംതോട് ജോർജ്ജിന്റെ വീട്ടിലും രണ്ടാമത്തെ യോഗം 16.06.2003 ന് പേരാവൂർ, തൊണ്ടിയിൽ പി.റ്റി ജോസഫിന്റെ വീട്ടിലും മൂന്നാമത്തെ യോഗം 28.09.2003 ന് മരുതോങ്കരയിൽ ചവറംമൂഴിൽ ജോണിയുടെ വീട്ടിലും, നാലാമത്തെ യോഗം 16.11.2003 ന് മരുതോങ്കര യിൽ ജോണി മാത്യുവിന്റെ വീട്ടിലും ചേർന്നു. ഈ യോഗങ്ങളിൽ കുടുംബകൂട്ടായ്മ യുടെ വിജയകരമായ നടത്തിപ്പിന്റെ കാര്യങ്ങൾ സജീവമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ കാലാകാലം കൈകൊണ്ടിട്ടുണ്ട്. ഈ കമ്മറ്റികളിലെ സജീവമായ ചർച്ചകളുടെയും ശ്രമകരമായ പ്രവർത്തനങ്ങളുടെയും ഫലമായി ലഭ്യമായ എല്ലാ മേൽവിലാസങ്ങളും ഉൾപ്പെടുത്തി ഒരു അഡ്രസ്സ് ബുക്ക് അച്ചടിച്ച് എല്ലാ കുടുംബങ്ങളിലും എത്തിച്ചു കൊടുത്തിട്ടുണ്ട്. ഈ കമ്മറ്റിയുടെ നിരന്തര ശ്രമത്തിന്റെ ഫലമായിട്ടാണ് ഇന്നത്തെ ഈ സമ്മേളനം ഇവിടെ സംഘടിപ്പിക്കുവാൻ സാധിച്ചിട്ടുള്ളത്.

ഒന്നാമത്തെ സമ്മേളനപരിപാടികൾ വിജയകരമായി സംഘടിപ്പിക്കുന്നതിൽ കഠിനാധ്വാനം ചെയ്ത് സെക്രട്ടറി സ്ഥാനത്തുനിന്നു വിരമിച്ച ശ്രീ ജോർജ്ജുകുട്ടി പി.സി താമരശ്ശേരിയുടെ സേവനങ്ങളെ നന്ദിയോടും സ്നേഹത്തോടും കൂടി സ്മരി ക്കുകയാണ്.

നമ്മുടെ കുടുംബകൂട്ടായ്മയ്ക്ക് ശോഭനമായ ഒരു ഭാവി പ്രതീക്ഷിച്ചുകൊണ്ട് എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും അർപ്പണബുദ്ധിയോടുകൂടിയുള്ള കൂട്ടായ പ്രവർത്തനങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് ഇന്ന് നടക്കുന്ന വിവിധ ചർച്ച കളിൽ സൃഷ്ടിപരമായ തീരുമാനങ്ങളും നിർദ്ദേശങ്ങളും ഉണ്ടാവണം എന്ന് അപേക്ഷിച്ചുകൊണ്ടും ഈ റിപ്പോർട്ട് ഈ സമ്മേളനത്തിൽ സവിനയം സമർപ്പിച്ചു കൊള്ളുന്നു.

എന്ന്,

സെക്രട്ടറി ചെറിയാൻ മാസ്റ്റർ